SRUTHI P.S
COUNSELLOR
SNEHITHA GENDER HELP DESK
KOLLAM
Sruthi

സംസ്ഥാന കുടുംബശ്രീ മിഷൻ ജില്ലകളിലെ സ്നേഹിത ജീവനക്കാർക്കുവേണ്ടി നവംബർ 29 മുതൽ ഡിസംബർ 1 വരെ നടത്തിയ മൂന്ന് ദിവസത്തെ പരിശീലന പരിപാടി എനിക്ക് ഒത്തിരി പ്രയോജനപ്പെടുന്നതായിരുന്നു. ഒരു തുടക്കക്കാരി എന്ന നിലയിൽ ഒത്തിരി ആശങ്കകളും, സംശയങ്ങളും മനസ്സ് നിറയെ ഉണ്ടായിരുന്നു. എന്നാൽ ഇവിടെ നിന്ന് ലഭിച്ച ഓരോ ക്ലാസ്സുകളിലൂടെയും ഇത്തരം സംശയങ്ങളേയും, ആശങ്കകളേയും ഒരു പരിധിവരെയെങ്കിലും മാറ്റിയെടുക്കാൻ കഴിഞ്ഞു. ഒത്തിരി ഒത്തിരി വിഡ്ഢി ധാരണകളെ തിരുത്തി മനസ്സിൽ ഒരു പുതിയ വെളിച്ചം പകർന്നു നൽകാനും ഈ പരിപാടിക്ക് സാധിച്ചിട്ടുണ്ട്.

വളരെ കൃത്യമായി സമയക്രമങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ ഓരോ സെഷനുകളും എന്റെ ജോലിക്ക് അല്ലെങ്കിൽ അത് പ്രയോജനപ്രദമായി കൈകാര്യം ചെയ്യുന്നതിനു ആവശ്യമായ ഒത്തിരി വിജ്ഞാനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതായിരുന്നു. ക്ലാസ്സുകൾ കൈകാര്യം ചെയ്തവർ അവരവരുടെ വിഷയങ്ങളിൽ വിദഗ്ദരായിരുന്നതുകൊണ്ട് എല്ലാവരുടേയും തന്നെ സംശങ്ങൾ ദൂരീകരിക്കുവാനും, ആവശ്യമായ എല്ലാ വിവരങ്ങളും ലഭ്യമാകുന്ന തരത്തിലുള്ളതുമായിരുന്നു.